# പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 87 | 28.06.2016-ൽ മറുപടിക്ക് |
| --- | --- |

### തെരഞ്ഞെടുപ്പ് ദിവസം ഉദുമ നിയോജക മണ്ഡലത്തിലെ ആക്രമണം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- |
| (എ) കേരള നിയമസഭയിലേക്ക് 2016മെയ് 16 ന് നടന്ന തെരഞ്ഞെടുപ്പ് ദിവസം ഉദുമ നിയോജക മണ്ഡലത്തിലെ തെക്കിൻപറമ്പ് യു. പി. സ്കൂളിൽ വച്ച് എൽ. ഡി. എഫ് സ്ഥാനാർത്ഥിയുടെ ചീഫ് ഏജന്റും മുൻ ഉദുമ എം.എൽ.എ യുമായിരുന്ന ശ്രീ.കെ. വി. കുഞ്ഞിരാമനേയും എൽ.ഡി. എഫ്. ബൂത്ത് ഏജന്റ് മാരെയും ആക്രമിച്ച് പരുക്കേൽപ്പിക്കുകയും റിട്ടേണിംഗ് ഓഫീസറുടെ അനുമതിയോടെ ഇലക്ഷൻ ദിവസം ചീഫ് ഏജന്റ് ഉപയോഗിച്ചിരുന്ന സ്ഥലം എം.എൽ.എ യുടെ KL60C-8787 വാഹനവും പോലീസ് വാഹനവും അടിച്ച് തകർക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ; | (ബി) ഇതു സംബന്ധിച്ച് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നം. 199/2016 u/s. 143, 145, 147, 148, 323, 324, 326, 332, 253, 294(b), 506(ii), 452, 427 r/w 149 IPC & Sec. 3(1) of PDPP Act.<br>2. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നം. 211/2016 u/s. 143, 147, 148, 341,324, 326 r/w 149 IPC.<br>ടി കേസുകളിലെ പ്രതികളുടെ പേരുകൾ താഴെ പറയുന്നു.<br>1) മണികണ്ഠൻ (2) ബാബു, (3) പ്രദീഷ്, (4) രാജീവ്, (5) സുനിൽ പൊയിനാച്ചി, (6) ഉമ്പായി, (7) അസ്കർ, (8) കരീം, (9) അജിത്ത് പൊയിനാച്ചി, (10) കുഞ്ഞികൃഷ്ണൻ, (11) ഉണ്ണികൃഷ്ണൻ, (12) പ്രഭാകരൻ, (13) രാജേന്ദ്രൻ, (14) ഖാലിദ്, (15) രതീഷ് ബർക്കക്കോട്, (16) ഹരികൃഷ്ണൻ, (17) സിദ്ദിഖ്, (18) ശശിധരൻ, (19) മജീദ്, (20) പ്രദീപ് കുമാർ (21) വിനോദ് കുമാർ, (22) മണി ചട്ടഞ്ചൽ, (23) രാമകൃഷ്ണൻ, (24) |

അരവിന്ദാക്ഷൻ, (25) അബ്ദുൾ ജലീൽ, (26) രാധാകൃഷ്ണൻ, (27) കുമാരൻ, (28) ഇസ്മയിൽ, (29) പ്രവീൺ തുടങ്ങി 100 ഓളം ആൾക്കാർ.

| | |
|---|---|
| (സി) എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇനി എത്ര പേരെ പിടികൂടാനുണ്ട്; ഇതിൽ ബാങ്ക് ജീവനക്കാരായ ഉദ്യോഗസ്ഥരുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ഒന്നു മുതൽ 4 വരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പ്രതികൾ ഇപ്പോൾ കോടതിയുടെ ഉപാധികളോടെ ജാമ്യത്തിലാണ്. തിരിച്ചറിഞ്ഞവരിൽ 25 പ്രതികളെയും തിരിച്ചറിയാൻ ബാക്കിയുള്ള പ്രതികളെയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. |
| (ഡി) മുൻ എം. എൽ.എ. നൽകിയ പരാതിയിൽ നിന്ന് ഏതെങ്കിലും വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം എന്താണ്; | (ഡി) ആരെയും ഒഴിവാക്കിയിട്ടില്ല. |
| (ഇ) യു. ഡി. എഫ്. ഇലക്ഷൻ കമ്മിറ്റി ഓഫീസിനടുത്തു നടന്ന ഈ അക്രമണ സംഘത്തിലെ ഗൂഢാലോചനക്കാരെയും കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) ഈ ആക്രമണ സംഘത്തിലെ ഗൂഢാലോചനക്കാരെ കണ്ടെത്തുന്നതിനും ബാക്കി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുമായി കേസുകളുടെ അന്വേഷണ ചുമതല കാസർഗോഡ് ഡി.വൈ.എസ്.പി.യ്ക്ക് നൽകിയിട്ടുണ്ട്. |

Ramyalal

സെക്ഷൻ ഓഫീസർ